പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : **3500**

20.06.2018 ൽ
മറുപടിയ്ക്ക്

## പോലീസിന്റെ ആഭിമുഖ്യത്തിൽ ഇഫ്ത്താർ സംഗമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ.എ. നെല്ലിക്കുന്ന് | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) കാസർകോട് ടൗൺ പോലീസ് സ്റ്റേഷൻ പരിധിയിൽ 2018 ജൂൺ ആദ്യവാരം പോലീസിന്റെ ആഭിമുഖ്യത്തിൽ ഇഫ്ത്താർ (നോമ്പുതുറ) സംഘടിപ്പിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ;<br>(ബി) എങ്കിൽ പോലീസിലെ ഏത് വിഭാഗം എപ്പോൾ എവിടെയാണ് ഇഫ്ത്താർ സംഘടിപ്പിച്ചതെന്നും ഇതിന് നേതൃത്വം നൽകിയതാരാണെന്നും വ്യക്തമാക്കാമോ; | (എ) യും (ബി) യും 04.06.2018, വൈകുന്നേരം നെല്ലിക്കുന്ന് അൻവറുൾ ഉലും എ.യു.പി സ്കൂളിൽ കാസർഗോഡ് ജനമൈത്രി പോലീസിന്റെ നേതൃത്വത്തിൽ ഇഫ്ത്താർ സംഘടിപ്പിച്ചിരുന്നു. |
| (സി) ഇതിന്റെ ഉദ്ദേശ്യമെന്തായിരുന്നുവെന്നും എത്രപേർ ഇതിൽ പങ്കെടുത്തുവെന്നും വ്യക്തമാക്കാമോ; | (സി) ഹിന്ദു-മുസ്ലീം വിഭാഗങ്ങൾ തമ്മിൽ സംഘർഷം നിലനിൽക്കുന്ന നെല്ലിക്കുന്ന്, നെല്ലിക്കുന്ന് കടപ്പുറം ഭാഗങ്ങളിൽ മതസൗഹാർദ്ദം ഊട്ടിയുറപ്പിക്കുകയും പോലീസും ജനങ്ങളും തമ്മിലുള്ള അകലം കുറയ്ക്കുകയും ചെയ്യുക എന്നതുമാണ് ഇഫ്ത്താർ പാർട്ടി കൊണ്ടുദ്ദേശിച്ചിട്ടുള്ളത്. 300 ഓളം ആൾക്കാർ ഇഫ്ത്താറിൽ പങ്കെടുത്തിരുന്നു. |
| (ഡി) ഈ ഇഫ്ത്താർ സംഗമത്തിൽ പങ്കെടുത്ത പൗരപ്രമുഖർ, മതപുരോഹിതൻമാർ, ജനപ്രതിനിധികൾ, രാഷ്ട്രീയ നേതാക്കൻമാർ, പോലീസുദ്യോഗസ്ഥൻമാർ എന്നിവർ ആരെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കാമോ; | (ഡി) പ്രസ്തുത ഇഫ്ത്താറിൽ നെല്ലിക്കുന്ന് മുഹയുദ്ദീൻ ജുമാ മസ്ജിദ് ഭാരവാഹികളും നെല്ലിക്കുന്ന് കടപ്പുറം ശ്രീ.കുറുംബ ഭഗവതി ക്ഷേത്രം സ്ഥാനികരും ഭാരവാഹികളും, കോട്ടക്കണ്ണി ചർച്ച് ഫാദർ ശ്രീ.മാണി, കാസർഗോഡ് മുനിസിപ്പാലിറ്റി ബി.ജെ.പി കൗൺസിലർമാരായ ശ്രീ.അരുൺ (വാർഡ് 33) |

ശ്രീ.മനോഹരൻ (വാർഡ് 38) സ്ഥലത്തെ പ്രാദേശിക രാഷ്ട്രീയ നേതാക്കൻമാരായ ശ്രീ.നാരായണൻ (സി.പി.എം), ശ്രീ.നാരായണൻ (കോൺഗ്രസ്സ് ഐ) ശ്രീ.ഹനീഫ, (ഐ.യു.എം.എൽ.) ശ്രീ.ഗുരുപ്രസാദ്, (ബി.ജെ.പി) എന്നിവരും പങ്കെടുത്തിരുന്നു. സ്ഥലം എം.എൽ.എ ശ്രീ.എൻ,എ നെല്ലിക്കുന്ന് അവർകളെ ക്ഷണിച്ചിരുന്നതും നിയമസഭാ സമ്മേളനം നടക്കുന്നതിനാൽ അസൗകര്യം അറിയിച്ചിട്ടുള്ളതുമാണ്. കൂടാതെ ജില്ലാ പോലീസ് മേധാവി, ഡി.വൈ.എസ്.പി.മാർ, ഇൻസ്പെക്ടർമാർ തൊട്ട് താഴോട്ടുള്ള പോലീസ് ഉദ്യോഗസ്ഥരും, മറ്റ് മതവിഭാഗത്തിൽപ്പെട്ട ആൾക്കാരും പങ്കെടുത്തിരുന്നു.

(ഇ) ഇഫ്ത്താർ സംഗമത്തിലേക്ക് എത്രപേരെ ക്ഷണിച്ചിരുന്നുവെന്നും ക്ഷണിക്കപ്പെട്ടവരെല്ലാം പങ്കെടുത്തിരുന്നോയെന്നും ക്ഷണക്കത്ത് തയ്യാറാക്കിയിരുന്നോയെന്നും വ്യക്തമാക്കാമോ;

(ഇ) ഇഫ്ത്താർ സംഗമത്തിലേയ്ക്ക് നെല്ലിക്കുന്ന്, കടപ്പുറം, ജുമാ അത്ത് കമ്മിറ്റി, ക്ഷേത്രം ഭാരവാഹികളേയും,ജനമൈത്രി പോലീസിന്റെ കീഴിൽ പ്രസ്തുത പ്രദേശങ്ങളിൽ താമസിക്കുന്ന എല്ലാ വിഭാഗം ജനങ്ങളെയും ക്ഷണിച്ചിരുന്നു. ക്ഷണക്കത്ത് അച്ചടിച്ചിരുന്നില്ല.

(എഫ്) ഇഫ്ത്താർ സംഗമത്തിന് എത്ര തുക ചെലവായെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ; ഈ തുക ഏത് ഫണ്ടിൽ നിന്നാണ് ചെലവഴിച്ചതെന്ന് വ്യക്തമാക്കാമോ; കേരളത്തിൽ മറ്റേതെങ്കിലും സ്ഥലത്ത് പോലീസിന്റെ ആഭിമുഖ്യത്തിൽ ഇഫ്ത്താർ സംഘടിപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

(എഫ്) ഇഫ്ത്താർ സംഗമത്തിന് താഴെപ്പറയുന്ന ഇനങ്ങൾക്കായി 10,910/- രൂപ ചെലവായിട്ടുണ്ട്.
ചിക്കൻ -3,430/- രൂപ,
പഴവർഗ്ഗങ്ങൾ 2,500/- രൂപ,
ചപ്പാത്തി-1,500/- രൂപ,
ഡ്രൈഫ്രൂട്ട്സ്, പലവ്യഞ്ജനങ്ങൾ- എന്നിവ- 1140/- രൂപ,
പത്തിരി-1100/- രൂപ,
പേപ്പർ പ്ലേറ്റ്, ടിഷ്യൂ മുതലായവ -965/- രൂപ, പച്ചക്കറികൾ- 275/- രൂപ,
പ്രസ്തുത തുക ജില്ലാ പോലീസ് മേധാവിയുടെ സീക്രട്ട് സർവ്വീസ് ഫണ്ടിൽ നിന്നാണ് ചെലവഴിച്ചിട്ടുള്ളത്. പോലീസിന്റെ ആഭിമുഖ്യത്തിൽ മറ്റു സ്ഥലങ്ങളിൽ ഇഫ്ത്താർ വിരുന്ന് സംഘടിപ്പിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ